LIBRARY ARCHIVES Kerala Legislative Assembly

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

26(771) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പൊൻവള പഞ്ചായത്തിലെ തെക്കേക്കര കോളനി, ഇരിമ്പിളിയം പഞ്ചായത്തിലെ കൊടുമുടി - പോക്കാട്ടുകുഴി കോളനി, എടയൂർ പഞ്ചായത്തിലെ പൊറ്റെക്കളംപടി കോളനി എന്നിവയുടെ നവീകരണം സംബന്ധിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് 9-9-2021-ൽ ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകളുടെ നവീകരണം

27(772) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉണ്ട്. ഊരുകൂട്ടങ്ങളുടെ ശിപാർശയുടെയും ഫീസിബിലിറ്റിയുടെയും അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി തേടി റോഡുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽപ്പെട്ട ഇളമാങ്കൽ, കടവ് എന്നീ കോളനികളിൽ താമസിക്കുന്ന 45 കുടുംബങ്ങൾക്ക് ഗതാഗതയോഗ്യമായ റോഡില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.